ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1172

# സൂറ-41 / ഹാമീം അസ്സജദ - ഫുസ്സ്വിലത്

**സൂക്തം: 41-44**

അല്ലാഹു അയച്ച ദൂതന്മാരെ ദ്രോഹിക്കുക, അവർ പ്രബോധനം ചെയ്യുന്ന ദൈവിക സൂക്തങ്ങൾ പുഛിച്ചുതള്ളുക- ഇതൊക്കെ അല്ലാഹുവിന്റെ കോപത്തെ ജ്വലിപ്പിക്കുന്നതും ശിക്ഷാ നടപടി ആവശ്യപ്പെടുന്നതുമായ കാര്യങ്ങൾ തന്നെയാണ്. പക്ഷേ, അല്ലാഹു ഉടനടി അവരെ ശിക്ഷിക്കുന്നില്ല. പുനർചിന്തനത്തിനും സ്വയം സംസ്കരണത്തിനുമുള്ള അവസരം അവർക്കു നീട്ടി നൽകുകയാണവൻ. കാരണം, അല്ലാഹു അവന്റെ അടിമകളോട് ഏറെ കരുണയുള്ളവനാണ്. അവരുടെ തെറ്റുകുറ്റങ്ങൾ പരമാവധി പൊറുത്തു കൊടുക്കുന്നു.

إِنَّ ٱلَّذِينَ كَفَرُوا۟ بِٱلذِّكْرِ لَمَّا جَآءَهُمْ ۖ وَإِنَّهُۥ لَكِتَٰبٌ عَزِيزٌ ﴿٤١﴾

41. ഈ ഉദ്ബോധനം ലഭിച്ചപ്പോൾ നിഷേധിച്ചു തള്ളിയവർ നരകത്തിലെറിയപ്പെടുന്നവരാകുന്നു. എന്നാൽ ഈ ഉദ്ബോധനമോ, അജയ്യമായ വേദം തന്നെയാകുന്നു.

لَّا يَأْتِيهِ ٱلْبَٰطِلُ مِنۢ بَيْنِ يَدَيْهِ وَلَا مِنْ خَلْفِهِۦ ۖ تَنزِيلٌ مِّنْ حَكِيمٍ حَمِيدٍ ﴿٤٢﴾

42. അതിൽ മുന്നിലൂടെയോ പിന്നിലൂടെയോ അസത്യം വരാവതല്ല. സർവസ്തുതീയനായ പരമജ്ഞാനിയിൽ നിന്ന് അവതീർണമായതത്രെ ഇത്.

**41,42**

إِنَّ الَّذِينَ كَفَرُوا بِالذِّكْرِ = ഈ അനുസ്മരണം (ഉദ്ബോധനം) നിഷേധിച്ച(ച്ചു തള്ളിയ)വർ (നരകത്തിലെറിയപ്പെടുന്നവരാകുന്നു)

لَمَّا جَاءَهُمْ = അവർക്കതു വന്നപ്പോൾ (ലഭിച്ചപ്പോൾ) وَإِنَّهُ = (എന്നാൽ, ഈ ഉദ്ബോധനമോ) അത്

لَكِتَابٌ عَزِيزٌ = അജയ്യമായ ഒരു വേദം തന്നെയാകുന്നു لَّا يَأْتِيهِ = അതിനു(ൽ) വരുന്നില്ല (വരാവതല്ല)

الْبَاطِلُ = അസത്യം, മിഥ്യ مِن بَيْنِ يَدَيْهِ وَلَا مِنْ خَلْفِهِ = അതിന്റെ മുന്നിലൂടെയും(യോ) പിന്നിലൂടെയും(യോ)

تَنزِيلٌ = ഇറക്കം(ഇതവതീർണമാകുന്നത്) അത്രെ مِّنْ حَكِيمٍ حَمِيدٍ = സർവസ്തുതീയനായ പരമജ്ഞാനിയിൽനിന്ന്

മുൻസൂക്തത്തിലെ الَّذِينَ يُلْحِدُونَ യുടെ പരാവർത്തനമാണ് الَّذِينَ كَفَرُوا . ദൈവിക ദൃഷ്ടാന്തങ്ങളെയും സൂക്തങ്ങളെയും വക്രമാർഗങ്ങളിലൂടെ നിഷേധിക്കുന്നതും നേർക്കുനേരെ ഖണ്ഡിതമായി നിഷേധിക്കുന്നതും ഫലത്തിൽ ഒരുപോലെയാണല്ലോ. الذِّكْرِ ഖുർആൻ ആണ്. ذكر എന്ന പദത്തിന്റെ അർഥം ഖുർആൻ ബോധനം നേരത്തെ വിശദീകരിച്ചിരിക്കുന്നു. ഖുർആനിന്റെ നാമങ്ങളിലൊന്നാണിത്. മനുഷ്യ പ്രകൃതിയിൽ നിലീനമായിട്ടുള്ള സത്യ-ധർമബോധത്തെ

ഓർമിപ്പിക്കുന്ന സൂക്തങ്ങൾ എന്ന അടിസ്ഥാനത്തിലാണ് ഖുർആനിനെ إِنَّ الَّذِينَ .... جَاءَهُمْ الذِّكْرِ എന്നു വിളിക്കുന്നത്. എന്ന വാക്യത്തെ ചില ഭാഷാ പണ്ഡിതന്മാർ അനുക്തമായ ആഖ്യയുടെ ആഖ്യാതമായും മറ്റു ചിലർ ആഖ്യാതം അനുക്തമായ ആഖ്യയായും വ്യാഖ്യാനിച്ചിരിക്കുന്നു. ഒന്നാമത്തെ അഭിപ്രായപ്രകാരം, 'ദൈവിക ദൃഷ്ടാന്തങ്ങളിൽനിന്ന് വ്യതിചലിക്കുന്നവർ തീർച്ചയായും തങ്ങൾക്കു ലഭിച്ച ദൈവിക സൂക്തങ്ങളെ നിഷേധിക്കുന്നവരാകുന്നു എന്നും രണ്ടാമത്തെ അഭിപ്രായപ്രകാരം, 'തങ്ങൾക്കു ലഭിച്ച ദൈവിക സൂക്തങ്ങൾ നിഷേധിച്ചവർ നരകത്തിൽ എറിയപ്പെടുന്നവരാകുന്നു എന്നുമാണ് ആശയം. لَمَّا جَاءَهُمْ- അതവർക്കു വന്നുകിട്ടിയപ്പോൾ- എന്ന വാക്ക് നിഷേധത്തിന്റെ ധാർഷ്ട്യത്തെയും ഗൗരവത്തെയും സൂചിപ്പിക്കുന്നതാണ്. അത് അറിവില്ലായ്മ കൊണ്ട് മാത്രമുള്ള നിഷേധമല്ല. ഖുർആൻ കേൾപ്പിക്കുമ്പോൾ ഞങ്ങളുടെ ഹൃദയങ്ങൾ താഴിട്ടു പൂട്ടിയിരിക്കുന്നു, ചെവികൾ കോർക്കിട്ടടച്ചിരിക്കുന്നു എന്നു ഘോഷിച്ചുകൊണ്ട് ധിക്കാരപൂർവം നിഷേധിക്കുകയാണവർ. ഖുർആൻ അജയ്യമായ വേദം ആകുന്നത് രണ്ടു മാനങ്ങളിലാണ്. ഒന്ന്, അതിനെ ആർക്കും നശിപ്പിക്കാനോ മായ്ച്ചു കളയാനോ കഴിയില്ല. ലോകാവസാനം വരെ അതു നാശത്തിനും ഭേദഗതികൾക്കുമതീതമായി നിലനിൽക്കും. അല്ലാഹു നേരിട്ടു സംരക്ഷിക്കുന്ന വേദമാണത്. وَإِنَّا لَهُ لَحَافِظُونَ - നാം തന്നെയാണതിന്റെ സംരക്ഷകർ (15:9). രണ്ട്, അതിനു തുല്യമോ അതിനെക്കാൾ മികച്ചതോ ആയ ഒരു ഗ്രന്ഥം അവതരിപ്പിക്കാനും ആർക്കുമാവില്ല. ഖണ്ഡിക്കാനും നിഷേധിക്കാനുമാവാത്ത സനാതന സത്യങ്ങളും മൂല്യങ്ങളും ചരിത്ര യാഥാർഥ്യങ്ങളുമാണ് അതവതരിപ്പിക്കുന്നത്. لَّا يَأْتِيهِ الْبَاطِلُ مِن بَيْنِ يَدَيْهِ وَلَا مِنْ خَلْفِهِ എന്നതിന് വ്യത്യസ്തമായ അർഥങ്ങളാവാം. എല്ലാം ഇവിടെ ഉദ്ദേശ്യവുമാകാം. 'പ്രവാചകനിലെത്തുമ്പോൾ മലക്കുകളിലൂടെയോ അനന്തരം പ്രവാചകനിലൂടെയോ അതിൽ അസത്യവും മിഥ്യയും കടന്നുകൂടുന്നില്ല. 2) പ്രവാചകന്റെ കാലത്തോ പിൽക്കാലത്തോ അതിൽ അസത്യം കലരുകയില്ല. 3) അതു പറയുന്ന ഭൂത-വർത്തമാന കാര്യങ്ങളിലോ ഭാവി പ്രവചനങ്ങളിലോ അസത്യമായതൊന്നുമുണ്ടാവില്ല. 4) മുന്നും പിന്നും കൊണ്ടുദ്ദേശ്യം നാനാവശങ്ങളുമാകുന്നു. അതായത്, ഒരു വശത്തിലൂടെയും അതിനെ അസത്യം ഗ്രസിക്കുകയില്ല.' സാരാംശത്തിൽ എല്ലാ അർഥങ്ങളും ഒന്നുതന്നെയാണ്. ഒരു നിലയിലും ഖുർആൻ അസത്യവും മിഥ്യയും കലരാതെ അജയ്യമായിരിക്കുന്നതിന്റെ കാരണമാണ് تَنزِيلٌ مِّنْ حَكِيمٍ حَمِيدٍ. കാര്യങ്ങളുടെ ആന്തരാർഥങ്ങളും തത്ത്വങ്ങളും അറിയുന്ന യുക്തിമാനാണ് حَكِيم. യുക്തിവിരുദ്ധമോ അന്യായമോ ആയ യാതൊന്നും അവൻ പറയില്ല. ചെയ്യില്ല. സർവസ്തുതിയും അർഹിക്കുന്നവനാണ് حَمِيد. സ്തുത്യർഹമല്ലാത്തതൊന്നും അവനിൽ നിന്നുണ്ടാവില്ല. വചനം സ്തുത്യർഹമാകുന്നത് അത് 'ശ്രോതാവിൽ സത്യബോധവും സൗന്ദര്യാനുഭൂതിയും ഉണർത്തുകയും അവനെ നന്മയിലേക്കു പ്രചോദിപ്പിക്കുകയും ചെയ്യുമ്പോഴാണ്. വചനസാരം: ഖുർആൻ സൂക്തങ്ങൾ ഓതിക്കേൾപ്പിക്കപ്പെടുമ്പോൾ അതിനെ ധിക്കാരപൂർവം ഖണ്ഡിതമായി നിഷേധിക്കുന്നവർ നരകത്തിലെറിയപ്പെടുന്നതാകുന്നു. എന്നാൽ, അവർ പുഛിച്ചുതള്ളുന്ന ഈ വേദം യഥാർഥത്തിൽ അജയ്യമാകുന്നു. അവരുടെ നിഷേധം കൊണ്ടൊന്നും ഈ വേദം പരാജയപ്പെടാൻ പോകുന്നില്ല. അന്ത്യനാൾ വരെ അജയ്യമായി നിലനിൽക്കുന്ന വേദം തന്നെയാണത്. ഒരു നിലക്കും അതിനെ അസത്യവും മിഥ്യയും തീണ്ടുകയില്ല. കാരണം, സകലതിന്റെയും യുക്തിയും പൊരുളുമറിയുന്ന, സകലമാന സ്തുതീയ ഗുണങ്ങൾക്കും ഉടമയായ അല്ലാഹുവിങ്കൽനിന്നാണ് അതവതീർണമാകുന്നത്. ●

---

مَّا يُقَالُ لَكَ إِلَّا مَا قَدْ قِيلَ لِلرُّسُلِ مِن قَبْلِكَ ۚ إِنَّ رَبَّكَ لَذُو مَغْفِرَةٍ وَذُو عِقَابٍ أَلِيمٍ ﴿٤٣﴾

43. പൂർവ ദൈവദൂതന്മാർ ആക്ഷേപിക്കപ്പെട്ടിട്ടില്ലാത്തതൊന്നും ഇന്ന് നീ ആക്ഷേപിക്കപ്പെടുന്നില്ല. തീർച്ചയായും നിന്റെ നാഥൻ വളരെ മാപ്പരുളുന്നവനാകുന്നു. അതോടൊപ്പം കൊടിയ ശിക്ഷകനുമാകുന്നു.

**43**

مَّا يُقَالُ لَكَ = നിന്നോട് പറയപ്പെടുന്നില്ല (ഇന്ന് നീ ആക്ഷേപിക്കപ്പെടുന്നില്ല)

إِلَّا مَا قَدْ قِيلَ = പറയപ്പെട്ടത് അല്ലാതെ (ആക്ഷേപിക്കപ്പെട്ടിട്ടില്ലാത്തത് ഒന്നും)

لِلرُّسُلِ مِن قَبْلِكَ = നിനക്ക് മുമ്പ് (പൂർവ) ദൈവദൂതന്മാരോട്

إِنَّ رَبَّكَ لَذُو مَغْفِرَةٍ = തീർച്ചയായും നിന്റെ നാഥൻ വളരെ മാപ്പുടയവൻ (അരുളുന്നവൻ) ആകുന്നു

وَذُو عِقَابٍ أَلِيمٍ = വേദനിക്കുന്ന ശിക്ഷയുടയവനും (അതോടൊപ്പം കൊടിയ ശിക്ഷകനും) ആകുന്നു

വേദസൂക്തങ്ങൾ എന്ന പേരിൽ മുഹമ്മദ് (സ) ഓതുന്നത് വശീകരണ മന്ത്രങ്ങളോ ഭ്രാന്ത ജൽപനങ്ങളോ ജ്യോത്സ്യ ശ്ലോകങ്ങളോ ആണെന്നും അതിനു നേരെ ഞങ്ങളുടെ മനസ്സും ചെവിയും കൊട്ടിയടച്ചിരിക്കുന്നുവെന്നുമുള്ള ഖുറൈശികളുടെ ആക്ഷേപ ശകാരങ്ങളുടെ പശ്ചാത്തലത്തിൽ അല്ലാഹു പ്രവാചകനെ ആശ്വസിപ്പിക്കുകയാണ്.

ഇത്തരം ആക്ഷേപ ശകാരങ്ങളൊന്നും പ്രവാചക ചരിത്രത്തിൽ പുതുമയുള്ളതല്ല. ഇതൊക്കെയും പൂർവപ്രവാചകന്മാരും കേൾക്കേണ്ടിവന്നിട്ടുള്ളതാണ്. അവരൊന്നും നേരിടാത്ത ഒരാക്ഷേപവും ഈ പ്രവാചകനും നേരിടുന്നില്ല.

അല്ലാഹു അയച്ച ദൂതന്മാരെ ദ്രോഹിക്കുക, അവർ പ്രബോധനം ചെയ്യുന്ന ദൈവിക സൂക്തങ്ങൾ പുഛരിച്ചുതള്ളുക- ഇതൊക്കെ അല്ലാഹുവിന്റെ കോപത്തെ ജ്വലിപ്പിക്കുന്നതും ശിക്ഷാ നടപടി ആവശ്യപ്പെടുന്നതുമായ കാര്യങ്ങൾ തന്നെയാണ്. പക്ഷേ, അല്ലാഹു ഉടനടി അവരെ ശിക്ഷിക്കുന്നില്ല. പുനർചിന്തനത്തിനും സ്വയം സംസ്കരണത്തിനുമുള്ള അവസരം അവർക്കു നീട്ടി നൽകുകയാണവൻ. കാരണം, അല്ലാഹു അവന്റെ അടിമകളോട് ഏറെ കരുണയുള്ളവനാണ്. അവരുടെ തെറ്റുകുറ്റങ്ങൾ പരമാവധി പൊറുത്തുകൊടുക്കുന്നു. ഇപ്പോൾ സത്യദീനിനെ തള്ളിക്കളയുന്നവരിൽ ചിലരെങ്കിലും നാളെ അതു സ്വീകരിച്ചു കൂടെന്നില്ല. അങ്ങനെ സത്യം സ്വീകരിക്കുകയും നേരത്തെ ചെയ്തുപോയ അധർമങ്ങളിൽ പശ്ചാത്തപിക്കുകയും ചെയ്യുന്നവരെ തീർച്ചയായും അവൻ പാപമുക്തരാക്കി നരകത്തിൽനിന്ന് രക്ഷിക്കും. പക്ഷേ, ദയയും ദാക്ഷിണ്യവും അവന്റെ ദൗർബല്യമല്ല. അതു സത്യത്തിലും നീതിയിലും അധിഷ്ഠിതമാണ്. പരമാവധി കരുണയും രക്ഷയും അരുളുന്നതുപോലെ, ശിക്ഷിക്കേണ്ടതനിവാര്യമായവരെ നിർദാക്ഷിണ്യം ശിക്ഷിക്കുന്നവനുമാണവൻ. അവന്റെ ശിക്ഷയിൽനിന്നു രക്ഷയാഗ്രഹിക്കുന്നവർ എത്രയും വേഗം പാപമോചനത്തിന്റെയും ദൈവകാരുണ്യത്തിന്റെയും തണലിലേക്കു വന്നുകൊള്ളട്ടെ. ആക്ഷേപശകാരങ്ങളും പീഡനങ്ങളും കാര്യമാക്കാതെ പ്രവാചകൻ അവരെ അല്ലാഹുവിങ്കലേക്കും അവന്റെ കനിവിലേക്കും ക്ഷണിച്ചുകൊണ്ടിരിക്കുക. ആളുകൾ പ്രബോധകനെ ആക്ഷേപിക്കുന്നുവെങ്കിൽ, അതു പ്രബോധനത്തിന്റെയോ പ്രബോധകന്റെയോ കുറ്റമല്ല. ആക്ഷേപിക്കുന്നവരുടെയും നിഷേധിക്കുന്നവരുടെയും കുറ്റമാണ്. അതുകൊണ്ട് പ്രബോധകൻ അതിൽ വേപഥു കൊള്ളേണ്ട കാര്യമില്ല. ●

---

وَلَوْ جَعَلْنَٰهُ قُرْءَانًا أَعْجَمِيًّا لَّقَالُوا۟ لَوْلَا فُصِّلَتْ ءَايَٰتُهُۥٓ ۖ
ءَا۬عْجَمِىٌّ وَعَرَبِىٌّ ۗ قُلْ هُوَ لِلَّذِينَ ءَامَنُوا۟ هُدًى وَشِفَآءٌ ۖ
وَٱلَّذِينَ لَا يُؤْمِنُونَ فِىٓ ءَاذَانِهِمْ وَقْرٌ وَهُوَ عَلَيْهِمْ
عَمًى ۚ أُو۟لَٰٓئِكَ يُنَادَوْنَ مِن مَّكَانٍۭ بَعِيدٍ ﴿٤٤﴾

44. ഈ ഉദ്ബോധനം അറബിയല്ലാത്ത ഭാഷയിലുള്ള ഖുർആൻ ആയിട്ടാണ് നാം അവതരിപ്പിച്ചതെങ്കിൽ തീർച്ചയായും അവർ ആക്ഷേപിക്കുമായിരുന്നു: ഇതിലെ സൂക്തങ്ങൾ സുഗ്രാഹ്യമായി വിവൃതമാക്കപ്പെടാത്തതെന്ത്? സൂക്തങ്ങൾ അനറബി ഭാഷയിൽ; സംബോധിതരോ, അറബികളും! പ്രവാചകൻ അവരോടു പറയുക: സത്യ-ധർമങ്ങൾ കൈക്കൊള്ളണമെന്നുള്ളവർക്ക് ഈ വേദം സന്മാർഗ ദർശനവും മനശ്ശാന്തിയുമാകുന്നു. സത്യധർമങ്ങൾ കൈക്കൊള്ളാൻ വിസമ്മതിക്കുന്നവരോ, അവരുടെ ചെവികളിൽ അടപ്പിട്ടിരിക്കുന്നു. ഇതവർക്ക് നേരെ അന്ധവുമാകുന്നു. അതിവിദൂരമായ ദിക്കിൽനിന്ന് വിളിക്കപ്പെടുന്നവരുടേതു പോലെയാണവരുടെ അവസ്ഥ.

**44**

وَلَوْ جَعَلْنَاهُ = അത് (ഈ ഉദ്ബോധനം) നാം ആക്കിയെങ്കിൽ (അവതരിപ്പിച്ചതെങ്കിൽ)

قُرْآنًا أَعْجَمِيًّا = അനറബിയായ(അറബിയല്ലാത്ത ഭാഷയിലുള്ള) ഖുർആൻ ആയിട്ട് (ആണ്)

لَّقَالُوا = തീർച്ചയായും അവർ പറഞ്ഞു (ആക്ഷേപിക്കുമായിരുന്നു)

لَوْلَا فُصِّلَتْ آيَاتُهُ = ഇതിലെ സൂക്തങ്ങൾ (സുഗ്രാഹ്യമായി) വിവൃതമാക്കപ്പെടാത്തതെന്ത്?

أَأَعْجَمِيٌّ = (സൂക്തങ്ങൾ) അനറബിയോ? (ഭാഷയിൽ)

وَعَرَبِيٌّ = (സംബോധിതരോ) അറബികളും قُلْ = നീ (പ്രവാചകൻ അവരോടു) പറയുക

هُوَ لِلَّذِينَ آمَنُوا = വിശ്വാസികൾക്ക് അത് (സത്യ-ധർമങ്ങൾ കൈക്കൊള്ളണമെന്നുള്ളവർക്ക് ഈ വേദം)

هُدًى = സന്മാർഗദർശനമാകുന്നു وَشِفَاءٌ = മനശ്ശാന്തിയുമാകുന്നു

وَالَّذِينَ لَا يُؤْمِنُونَ = വിശ്വസിക്കാത്തവരായവർ (സത്യ-ധർമങ്ങൾ കൈക്കൊള്ളാൻ വിസമ്മതിക്കുന്നവരോ)

فِي آذَانِهِمْ وَقْرٌ = അവരുടെ ചെവികളിൽ അടപ്പ് (ഇട്ടിരിക്കുന്നു) ഉണ്ട്

وَهُوَ عَلَيْهِمْ عَمًى = ഇത് അവ(ർക്ക് നേരെ)രുടെ മേൽ അന്ധവുമാകുന്നു أُولَٰئِكَ = അക്കൂട്ടർ (അവരുടെ അവസ്ഥ)

يُنَادَوْنَ = വിളിക്കപ്പെടുന്നു(പ്പെടുന്നവരുടേതു പോലെയാണവരുടെ അവസ്ഥ) مِن مَّكَانٍ بَعِيدٍ = അതിവിദൂരമായ ദിക്കിൽനിന്ന്

ഖുർആനിനു നേരെ അക്കാലത്തെ അവിശ്വാസികൾ ഉന്നയിച്ച ഒരാക്ഷേപത്തിനുള്ള മറുപടിയാണിത്. ആക്ഷേപമിതാണ്: ഖുർആൻ എന്തുകൊണ്ടാണ് അറബി ഭാഷയിലായത്? നമുക്ക് സുപരിചിതമായ തൗറാത്തും ഇഞ്ചീലും (ബൈബിൾ) ഹിബ്രു ഭാഷയിലാണല്ലോ. അതാണ് വൈദിക ഭാഷ എന്നും ആ ഭാഷയിലേ വേദമിറങ്ങൂ എന്നും യഹൂദർ അവകാശപ്പെട്ടിരുന്നു. വേദഭാഷ എന്ന നിലയിൽ ഹിബ്രു പവിത്ര ഭാഷയാണെന്നും കരുതപ്പെട്ടിരുന്നു. ഹിബ്രുവും അതിന്റെ ശാഖകളുമല്ലാത്ത ഭാഷകൾ പ്രാകൃതങ്ങളായിട്ടാണ് കരുതപ്പെട്ടിരുന്നത്. ഇന്ത്യയിലെ വൈദിക ഭാഷയാണ് സംസ്കൃതം. ചതുർവേദങ്ങളുടെയും രാമായണാദി ഇതിഹാസങ്ങളുടെയും മൂല ഭാഷ എന്ന നിലയിൽ ഹൈന്ദവർ സംസ്കൃതത്തെ പവിത്രമായി കരുതുന്നു. ആരും സംസാരിക്കാത്ത ഭാഷയായിട്ടും ഇവിടെ സംസ്കൃത സർവകലാശാലകളുണ്ട്. 'ദേവനാഗരി ലിപി' എന്നാണ് സംസ്കൃതത്തിന്റെ ലിപിയെ വിളിക്കുന്നത്. ചതുർ വേദങ്ങളെയും മഹാഭാരത-രാമായണാദി ഇതിഹാസങ്ങളെയും പോലെയോ അതിലേറെയോ തത്ത്വോപദേശങ്ങളും ദർശനങ്ങളും ഉൾക്കൊള്ളുന്ന *തിരുക്കുറൾ* പോലുള്ള ഗ്രന്ഥങ്ങൾക്ക് പവിത്രത കൽപിക്കപ്പെടാത്തത് അവ സംസ്കൃതത്തിലല്ലാതെ, തമിഴ് ഭാഷയിൽ വിരചിതമായതുകൊണ്ടാണ്. ബ്രാഹ്മണരുടെ ദൃഷ്ടിയിൽ സംസ്കൃതേതര ഭാഷകൾ അസംസ്കൃത- പ്രാകൃത ഭാഷകളാണ്. ഇസ്രായീല്യരുടെ ദൃഷ്ടിയിൽ, പവിത്രമായ ഹിബ്രുവോ അതിന്റെ ശാഖകളോ അല്ലാത്ത ഭാഷകളിൽ വേദം ഇറങ്ങുകയില്ല. അതുകൊണ്ടുതന്നെ അറബി ഭാഷയിലവതരിക്കുന്ന ഖുർആൻ ദൈവം അവതരിപ്പിച്ച വേദമാവുകയില്ല എന്ന് അവർ ഖുറൈശികളെ ധരിപ്പിച്ചിരുന്നു. ഈ തെറ്റുധാരണയെ അടിസ്ഥാനമാക്കി അവർ പ്രവാചകനോടു തർക്കിച്ചു: നീ ഓതുന്ന ഖുർആൻ ദൈവം അവതരിപ്പിച്ച വേദമാണെങ്കിൽ അതു വൈദിക ഭാഷയിലല്ലാതെ അറബിയിലായതെന്തുകൊണ്ട്? വൈദിക ഭാഷകളിൽ അവതരിച്ചതേ ഞങ്ങൾ വേദമായി അംഗീകരിക്കൂ.' അതിനു മറുപടിയായി പറയുകയാണ്:

മുഹമ്മദ് നബി(സ) ഒരു അറബിയാണ്. അദ്ദേഹത്തെ നാം അയച്ചിരിക്കുന്നത് അറബികളിലേക്കാണ്. പ്രവാചകൻ പ്രബോധിത സമുദായത്തിലെ അംഗമായിരിക്കുക എന്നതും അദ്ദേഹം സംസാരിക്കുന്നത് അവരുടെ ഭാഷയായിരിക്കുക എന്നതുമാണ് അല്ലാഹുവിന്റെ സന്മാർഗ ദർശന രീതി. പ്രവാചകന്റെ ഭാഷ പ്രബോധിതർക്കും പ്രബോധിതരുടെ ഭാഷ പ്രവാചകനും അറിയില്ലെങ്കിൽ അവർക്ക് പരസ്പരം സംവദിക്കാനാവില്ലല്ലോ. അതുകൊണ്ട് وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا بِلِسَانِ قَوْمِهِ (ഒരു പ്രവാചകനെയും അദ്ദേഹത്തിന്റെ ജനതയുടെ ഭാഷയിലല്ലാതെ നാം അയച്ചിട്ടില്ല -14:4). وَهَٰذَا لِسَانٌ عَرَبِيٌّ مُّبِينٌ (ഈ വേദം തെളിഞ്ഞ അറബി ഭാഷയിലാകുന്നു -16:103). അല്ലാഹുവിനു വേണമെങ്കിൽ ഇത് മറ്റ് ഏത് ഭാഷയിലും അവതരിപ്പിക്കാം. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ നിഷേധിക്കാൻ ഉറച്ചവർ അപ്പോഴും വിശ്വസിക്കാൻ പോകുന്നില്ല.

وَلَوْ نَزَّلْنَاهُ عَلَىٰ بَعْضِ الْأَعْجَمِينَ ﴿١٩٨﴾ فَقَرَأَهُ عَلَيْهِم مَّا كَانُوا بِهِ مُؤْمِنِينَ ﴿١٩٩﴾

(നാം ഇത് ഏതെങ്കിലും അനറബി ഭാഷയിൽ അവതരിപ്പിക്കുകയും അവർക്ക് ഓതിക്കൊടുക്കുകയും ചെയ്തിരുന്നുവെങ്കിലും അവർ വിശ്വസിക്കുമായിരുന്നില്ല -26:198-199). അപ്പോൾ അവർ പറയും: ഇതെന്തൊരത്ഭുതം! ഇതിലെ സൂക്തങ്ങളൊന്നും ഞങ്ങൾക്കു മനസ്സിലാകുന്നില്ലല്ലോ. لَوْلَا فُصِّلَتْ آيَاتُهُ- 'അതിലെ സൂക്തങ്ങൾ تفصيل ചെയ്യപ്പെടാത്തതെന്തുകൊണ്ട്' എന്നാണ് മൂലവാക്യം. فصّلت-ന്റെ അർഥം നേരത്തെ ഈ സൂറയിലെ 3-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. ഭാഷണം അനറബി ഭാഷയിൽ, സംബോധിതരോ അറബി ഭാഷ മാത്രം അറിയാവുന്ന അറബികളും, മുഹമ്മദിന്റെ ദൈവത്തിന് ഇത്ര വകതിരിവില്ലെന്നോ?! ഇതാണ് أَأَعْجَمِيٌّ وَعَرَبِيٌّ എന്ന വാക്യത്തിന്റെ താൽപര്യം. أعجم ന്റെ അർഥം 26:198 സൂക്തത്തിനു താഴെ വ്യക്തമാക്കിയിരിക്കുന്നു.

ദൈവിക സൂക്തങ്ങളെ ഈ വിധം പുഛിച്ചു തള്ളുന്നവരെ പ്രവാചകൻ ഉദ്ബോധിപ്പിക്കുക: പ്രവാചകൻ അറബിയായതും അദ്ദേഹത്തിന്റെ പ്രബോധനം അറബി ഭാഷയിലായതും യഥാർഥത്തിൽ അറബ് ജനതക്ക് അല്ലാഹുവിങ്കൽനിന്നു ലഭിച്ച മഹത്തായ അനുഗ്രഹമാണ്. അതിൽ ആത്മാർഥമായി വിശ്വസിക്കുന്നവരെ അത് സന്മാർഗദർശനം ചെയ്യുന്നു. അതോടൊപ്പം അവരെ ലോകത്തിന്റെ സന്മാർഗദർശകരാക്കുകയും ചെയ്യുന്നു. ഖുർആൻ നൽകുന്ന സുവിശേഷങ്ങളും മുന്നറിയിപ്പുകളും സദുപദേശങ്ങളും സാന്ത്വനങ്ങളും അവരുടെ മനസ്സുകളിൽനിന്ന് അമിതമായ കാമ-മോഹ-രാഗ-ദ്വേഷാദി രോഗങ്ങൾ ശമിപ്പിക്കുന്നു. രാഗ-ദ്വേഷങ്ങളിലും സന്തോഷ-സന്താപങ്ങളിലും സന്തുലിതത്വം കൈക്കൊള്ളാനും, സ്വസ്ഥരും സമചിത്തരുമായിരിക്കാനും അവരെ സഹായിക്കുന്നു. കാപട്യത്തെയും കുഫ്റിനെയും മനോരോഗങ്ങളായി 2:10-ൽ വിശേഷിപ്പിക്കുന്നുണ്ട്. രോഗശമനമാണ് شِفَاء. ദുർവിചാരങ്ങളും വികാരങ്ങളും നീങ്ങിപ്പോകുന്നത് شِفَاء ആകുന്നു. വിദ്വേഷവും കോപവും ശമിക്കുന്നതിന് شُفِي غليله എന്നു പറയും. 17:82-ലും, ഖുർആൻ വിശ്വാസികൾക്ക് അനുഗ്രഹവും شفاء ഉം ആണെന്നു പ്രസ്താവിച്ചിട്ടുണ്ട്. വിശദീകരണം പ്രസ്തുത സൂക്തത്തിനു താഴെ കാണുക.

എന്നാൽ, സത്യധർമങ്ങൾ അംഗീകരിക്കാൻ കൂട്ടാക്കാത്തവർക്ക് ഇതേ ഖുർആൻ ബധിരവും അന്ധവുമാകുന്നു. ദൈവിക സൂക്തങ്ങൾ ശ്രദ്ധിച്ചുകേൾക്കാനോ അതിന്റെ ഉദ്ബോധനങ്ങൾ സത്യാന്വേഷണ താൽപര്യത്തോടെ മനനം ചെയ്യാനോ അവർ തയാറാകുന്നില്ല. എല്ലാം കള്ളവും കപടവുമാണെന്ന മുൻധാരണയോടെ അതിനുനേരെ കാതും ഖൽബും അടച്ചുപൂട്ടിയവരാണവർ. ഇവിടെ പറയുന്ന ബധിരതയും അന്ധതയും ഭൗതികമായ അന്ധതയും ബധിരതയുമല്ല; മനഃസാക്ഷിയുടെയും ചിന്താ ശേഷിയുടെയും നിശ്ചേതനയാണ്. സൂറ *അൽഹജ്ജ്* 46-ാം സൂക്തത്തിൽ അതിങ്ങനെ വിശദീകരിക്കുന്നുണ്ട്: فَإِنَّهَا لَا تَعْمَى الْأَبْصَارُ وَلَٰكِن تَعْمَى الْقُلُوبُ الَّتِي فِي الصُّدُورِ-'അതു കണ്ണുകൾ അന്ധമാവുകയല്ല; മറിച്ച് മാറിടങ്ങളിലുള്ള മനസ്സുകൾ അന്ധമാവുകയാണ്.' വാസ്തവത്തിൽ ഖുർആനിന്റെ വിളി മനുഷ്യന്റെ ഉള്ളിൽ നിന്നുതന്നെയുള്ള വിളിയാണ്. അതിന്റെ ശബ്ദം സ്വന്തം മനസ്സാക്ഷിയുടെ ശബ്ദമാണ്. പക്ഷേ, കണ്ണും കാതും അടച്ചുപൂട്ടിയ, മനഃസാക്ഷി മരവിച്ചവരെ സംബന്ധിച്ചേടത്തോളം ആ വിളി കേൾക്കാനോ ഉത്തരം ചെയ്യാനോ കഴിയാത്തത്ര വിദൂരതയിൽനിന്നുള്ള ഒച്ച മാത്രമാകുന്നു. ●